# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3985** **11.11.2019 - ൽ മറുപടിക്ക്.**

**റേഷൻ കാർഡുകളിലെ അംഗങ്ങളുടെ ആധാറുകൾ റേഷൻ കാർഡുമായി ബന്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ.എൻ.എ ഖാദർ :** | | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** | |
| **(എ)** | സംസ്ഥാനത്തെ റേഷൻ കാർഡുകളിലെ എല്ലാ അംഗങ്ങളുടെയും ആധാറുകൾ റേഷൻ കാർഡുമായി ബന്ധിപ്പിക്കുന്ന നടപടി ഏതു ഘട്ടത്തിലാണ്; ഇതിനായി അനുവദിച്ച സമയപരിധി നീട്ടി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | **(എ) യും (ബി) യും** | സംസ്ഥാനത്ത് റേഷൻ വാങ്ങാൻ അർഹതയുള്ള 35528093 അംഗങ്ങളിൽ 32622883 അംഗങ്ങളുടെ ആധാർ സീഡ് ചെയ്തിട്ടുണ്ട്. സർക്കാരിൽ നിന്നും സബ്സിഡി ലഭ്യമാകുന്ന എല്ലാ പദ്ധതികൾക്കും ആധാർ നിർബന്ധമാക്കിക്കൊണ്ട് ബഹു.സുപ്രീം കോടതി ഉത്തരവുള്ള സാഹചര്യത്തിൽ 2019 ഡിസംബർ 31 വരെ ആധാർ വിവരങ്ങൾ നൽകുന്നതിന് കേന്ദ്രസർക്കാർ സമയം അനുവദിച്ചിട്ടുണ്ട്. എന്നാൽ 30.11.2019 വരെ സംസ്ഥാന സർക്കാർ സമയം അനുവദിച്ചിട്ടുണ്ട്. |
| **(ബി)** | ഭക്ഷ്യ ഭദ്രതാ നിയമത്തിൽ അനുശാസിക്കും പ്രകാരം ഈ ബന്ധിപ്പിക്കൽ പ്രക്രിയ എന്നത്തേക്ക് പൂർത്തീകരിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്; ഇതിന്റെ സമയപരിധി നീട്ടി നൽകാൻ സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | | |
| **(സി)** | നിലവിലെ റേഷൻ ഉപഭോക്താക്കൾക്ക് ഇപ്രകാരം ആധാർ ലിങ്ക് ചെയ്യാൻ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ; സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റ് മുഖേന ഇപ്രകാരം ലിങ്കിംഗ് സാധ്യമാണോ? | **(സി)** | റേഷൻ കടയിൽ നിന്ന് ഇ-പോസ് മുഖേന നേരിട്ടും അക്ഷയ സെന്ററിൽ ആധാറിന്റെ പകർപ്പ് നൽകിയും, civilsupplieskerala.gov.in എന്ന പോർട്ടൽ മുഖേന നേരിട്ടും താലൂക്ക് സപ്ലൈ ഓഫീസുകളിൽ ആധാറിന്റെ പകർപ്പ് നൽകിയും ആധാർ ലിങ്ക് ചെയ്യാവുന്നതാണ്. |

*സെക്ഷൻ ഓഫീസർ*